പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 313 — 01.12.2014-ൽ മറുപടിയ്ക്ക്

## മുപ്പത്തിയഞ്ചാം ദേശീയ ഗെയിംസ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ജോസഫ് വാഴക്കൻ<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.വി.റ്റി.ബൽറാം<br>ശ്രീ.അൻവർ സാദത്ത് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) മുപ്പത്തിയഞ്ചാം ദേശീയ ഗെയിംസ് എന്നാണ് നടത്തുവാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) 35-ാമത് ദേശീയ ഗെയിംസ് 2015 ജനുവരി 31 മുതൽ ഫെബ്രുവരി 14 വരെ തീയതികളിലായാണ് നടത്തുവാൻ നിശ്ചയിച്ചിട്ടുള്ളത്. |
| (ബി) ഇതോടനുബന്ധിച്ചുള്ള കളിസ്ഥലങ്ങളുടെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) & (സി) പുതിയതായി നിർമ്മിക്കുന്നതും നവീകരിക്കുന്നതുമായ സ്റ്റേഡിയങ്ങളും മത്സരയിനങ്ങളും നിർമ്മാണ പുരോഗതിയും വിശദമാക്കുന്ന പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) പ്രസ്തുത ഗെയിംസിനായി നവീകരിക്കുന്നതും പുതുതായി നിർമ്മിക്കുന്നതുമായ സ്റ്റേഡിയങ്ങൾ ഏതെല്ലാമെന്ന് അറിയിക്കുമോ ; | |
| (ഡി) ഇവയുടെ നിർമ്മാണപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ; | (ഡി) ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട ഭൂരിഭാഗം നിർമ്മാണ / നവീകരണ പ്രവർത്തനങ്ങളും ഇതിനകം പൂർത്തിയായിട്ടുണ്ട്. അവശേഷിക്കുന്ന സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. എക്സിക്യൂട്ടീവ് കമ്മിറ്റി ചെയർമാനായ മുഖ്യമന്ത്രിയുടെയും വർക്കിംഗ് ചെയർമാനായ കായിക വകുപ്പ് മന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ നിർമ്മാണപുരോഗതി കൃത്യമായി വിലയിരുത്തുകയും അടിയന്തിരമായി പദ്ധതി പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. ഉദ്ദേശിച്ച സമയപരിധിക്കുള്ളിൽ പൂർത്തിയാക്കുന്നതിന് കാലതാമസം ഏതെങ്കിലും ഘട്ടത്തിൽ ഉണ്ടാകുമെന്ന് കരുതുന്ന പദ്ധതികൾ പ്രത്യേകമായി കണ്ടെത്തി ആ പ്രവർത്തികളെ മിഷൻ മോഡ് പദ്ധതികളായി പ്രഖ്യാപിച്ച് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ജില്ലാ ഓർഗനൈസിംഗ് കമ്മിറ്റികളും, ജനപ്രതിനിധികളും ബന്ധപ്പെട്ട മറ്റു വകുപ്പു |

കളും പ്രവർത്തനം ഏകോപിപ്പിച്ച് നിർമ്മാണത്തിൽ നേരിടുന്ന തടസ്സങ്ങൾ നീക്കുന്നതിന് മേൽനോട്ടം നൽകി വരുന്നു.

| | | | |
|---|---|---|---|
| (ഇ) | പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുവാൻ മിഷൻ 676-ൽ എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (ഇ) | മിഷൻ 676-ൽ ദേശീയ ഗെയിംസിന്റെ വേദികളാകുന്ന താഴെപ്പറയുന്ന സ്റ്റേഡിയങ്ങളുടെ നിർമ്മാണവും ഉൾപ്പെടുത്തിയിട്ടുണ്ട്.<br>(i) കോഴിക്കോട് മെഡിക്കൽ കോളേജ് ഫുട്ബോൾ ഗ്രൗണ്ടിൽ സിന്തറ്റിക് അത്‌ലറ്റിക് ട്രാക്ക് (നിർമ്മാണം പൂർത്തിയായി)<br>(ii) കേരളത്തിലെ ഏറ്റവും വലിയ കളി സ്ഥലമുള്ള ഇൻഡോർ സ്റ്റേഡിയം, മുണ്ടയാട് കണ്ണൂർ (പ്രധാന പണികൾ പൂർത്തിയായി)<br>(iii) അന്താരാഷ്ട്ര നിലവാരമുള്ള സ്കോഷ് കോർട്ട്, പാളയം, തിരുവനന്തപുരം (നിർമ്മാണം പൂർത്തിയായി)<br><br>(iv) കേരളത്തിലെ ആദ്യ ആസ്ട്രോ ടർഫ് ഹോക്കി സ്റ്റേഡിയം, കൊല്ലം. (നിർമ്മാണം പുരോഗമിക്കുന്നു)<br><br>(v) കേരളത്തിലെ ആദ്യ ട്രാപ് ആന്റ് സ്കീറ്റ് ഷൂട്ടിംഗ് റേഞ്ച്, രാമവർമ്മപുരം, തൃശ്ശൂർ (നിർമ്മാണം പുരോഗമിക്കുന്നു)<br><br>(vi) സർക്കാർ മേഖലയിലെ ആദ്യ സിന്തറ്റിക് ടെന്നീസ് അക്കാഡമി, കുമാരപുരം, തിരുവനന്തപുരം. (നിർമ്മാണം പുരോഗമിക്കുന്നു)<br><br>(vii)അന്താരാഷ്ട്ര നിലവാരമുള്ള ആദ്യഷൂട്ടിംഗ് റേഞ്ച്, വട്ടിയൂർക്കാവ്. (നിർമ്മാണം പുരോഗമിക്കുന്നു)<br><br>(viii) അന്തർദേശീയ നിലവാരമുള്ള കേരളത്തിലെ ഏറ്റവും വലിയ ഫുട്ബോൾ & ക്രിക്കറ്റ് സ്റ്റേഡിയമായ കാര്യവട്ടത്തെ ഗ്രീൻഫീൽഡ് സ്റ്റേഡിയം. (നിർമ്മാണം പുരോഗമിക്കുന്നു)<br><br>ദേശീയ ഗെയിംസിന്റെ സന്ദേശം ജനങ്ങളിലെത്തിക്കുന്നതിനും, പുതിയ കായിക സംസ്കാരം സൃഷ്ടിക്കുന്നതിനുമായി 7000 കേന്ദ്രങ്ങളിലായി ഒരു കോടി ജനങ്ങൾ പങ്കെടുക്കുന്ന കൂട്ടയോട്ടം സംഘടിപ്പിക്കുന്നതും മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

<u>35-ാമത് ദേശീയ ഗെയിംസിനായി തയ്യാറാക്കുന്ന സ്റ്റേഡിയങ്ങൾ</u>

## I. നവീകരിക്കുന്നത്

| ക്രമ നം | പേര് | മത്സര ഇനങ്ങൾ | നിർമ്മാണ പ്രവർത്തനം | നിർമ്മാണ പുരോഗതി | പൂർത്തിയാകുന്ന തീയതി |
|---|---|---|---|---|---|
| 1 | പിരപ്പൻകോട് നീന്തൽക്കുളം, തിരുവനന്തപുരം | അക്വാട്ടിക്സ് | റീറ്റെയിനിംഗ് ഹാൾ, അഡിഷണൽ സിവിൽ & ഇലക്ട്രിക്കൽ പണികൾ. ജിറ്റിസിസി നിർദ്ദേശിച്ച ചില പുനരുദ്ധാരണ പ്രവർത്തികൾക്കുള്ള ടെന്ററുകൾ ക്ഷണിച്ചിട്ടുണ്ട്. | പ്രധാന പ്രവൃത്തികൾ എല്ലാം പൂർത്തിയായി. | ഡിസംബർ, 2014 |
| 2 | യൂണിവേഴ്സിറ്റി സ്റ്റേഡിയം, തിരുവനന്തപുരം | അത്‌ലറ്റിക്സ് | സിവിൽ/ ഇലക്ട്രിക്കൽ മെയ്ന്റനൻസ്. ഫുട്ബോൾ ടർഫ്, ഫ്ളഡ് ലൈറ്റ്, ലിഫ്റ്റ്. | നവീകരണ പ്രവൃത്തികളും ഫ്ളഡ് ലൈറ്റും പൂർത്തിയായി. ടർഫ് നവീകരണത്തിനും മറ്റത്യാവശ്യ പ്രവൃത്തികൾക്കും ടെൻഡർ നൽകിയിട്ടുണ്ട്. | ഡിസംബർ, 2014 |
| 3 | ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം, തിരുവനന്തപുരം | ജിംനാസ്റ്റിക്സ്, ഹാൻഡ്ബോൾ | സിവിൽ/ഇലക്ട്രിക്കൽ മെയ്ന്റനൻസ്. എയർകണ്ടീഷനിംഗ്, പുതിയ പരിശീലന കേന്ദ്രം, അക്വാസ്റ്റിക്സ് സീറ്റിംഗ്, ഫ്ളഡ് ലൈറ്റിംഗ്, മേപ്പിൾവുഡ് ഫ്ളോറിംഗ്. | എല്ലാ പ്രവൃത്തികളും പൂർത്തിയായി. | |

| | | | | | |
|---|---|---|---|---|---|
| 4. | ശ്രീപാദം സ്റ്റേഡിയം, ആറ്റിങ്ങൽ, തിരുവനന്തപുരം | ഖോ-ഖോ, കബഡി | റോഡ്, റീറ്റെയ്നിംഗ് വാൾ, വൈദ്യുതീകരണം, | 99% പൂർത്തിയായി. ഖോ-ഖോ അസോസിയേഷൻ, GTCC എന്നിവരുടെ നിർദ്ദേശ പ്രകാരമുള്ള അധിക പണിക്ക് ടെണ്ടർ വിളിച്ചു | ഡിസംബർ, 2014 |
| 5 | കാർഷിക കോളേജ് ഇൻഡോർ ഹാൾ, വെള്ളായണി, തിരുവനന്തപുരം | തയ്കോൺണ്ടോ ,നെറ്റ്ബോൾ | സിവിൽ & ഇലക്ട്രിക്കൽ മെയ്ന്റനൻസ്, റൂഫ്, മേപ്പിൾവുഡ് ഫ്ളോറിംഗ് , അരീന ലൈറ്റിംഗ്. | എല്ലാ പ്രവൃത്തികളും പൂർത്തിയായി. | - |
| 6 | ജി.വി. രാജ ഇൻഡോർ സ്റ്റേഡിയം, ശംഖുമുഖം, തിരുവനന്തപുരം | വുഷു | റൂഫിംഗ്, മേപ്പിൾവുഡ് ഫ്ളോറിംഗ്, അരീന ലൈറ്റിംഗ്. | എല്ലാ പ്രവൃത്തികളും പൂർത്തിയായി. | - |
| 7 | ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, തിരുവനന്തപുരം | സൈക്കിൾ പോളോ കളരിപ്പയറ്റ് (പ്രദർശനയിനം) | ഫുട്ബോൾ ഗ്രാസ്സ് ടർഫ്, ഡ്രെയിനേജ്, ഫെൻസിംഗ്, സിന്തറ്റിക് ട്രാക്ക്, ഫ്ളഡ് ലൈറ്റിംഗ്. | പ്രധാന പ്രവൃത്തി 98% പൂർത്തിയായി നാച്ചറൽ ടർഫിന്റെ പണി 95% വും പൂർത്തിയായി. ഫ്ളഡ് ലൈറ്റ്, സിന്തറ്റിക് ട്രാക്ക് എന്നിവ ഒരുമിച്ച് പൂർത്തിയാക്കുന്നതാണ്. | ഡിസംബർ, 2014 |
| 8 | എൽ.എൻ.സി.പി.ഇ. വെലോഡ്രോം, കാര്യവട്ടം | സൈക്കിളിംഗ് | നിലവിലെ സർഫസ് കോൺക്രീറ്റ് ചെയ്ത് പുതുക്കി പണിയൽ. | പ്രവൃത്തി തുടങ്ങിയിട്ടുണ്ട്. 70% പൂർത്തിയായി | ഡിസംബർ, 2014 |
| 9 | കോർപ്പറേഷൻ സ്റ്റേഡിയം, കൊല്ലം | റഗ്ബി സെവൻസ് | ഗ്യാലറി, ടർഫ്, അപ്രോച്ച് റോഡ്. | പ്രധാന പ്രവൃത്തി പൂർത്തിയായി. പ്രാക്ടീസ് കോർട്ടിനായുള്ള ടർഫിംഗ് പണി ആരംഭിച്ചു. | ഡിസംബർ, 2014 |
| 10 | രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയം, കൊച്ചി, എറണാകുളം | ബാഡ്മിന്റൺ, ടേബിൾ ടെന്നീസ് | എയർകണ്ടീഷനിംഗ്, അകൗസ്റ്റിക്സ്, അരീന ലൈറ്റിംഗ്, റൂഫ്. | പ്രധാന പ്രവൃത്തികളും അകൗസ്റ്റിക്സ് പ്രവൃത്തികളും പൂർത്തിയായി. | ഡിസംബർ, ആദ്യവാരം |

| | | | | | |
|---|---|---|---|---|---|
| 11 | കോർപ്പറേഷൻ സ്റ്റേഡിയം, തൃശ്ശൂർ | ഫുട്ബോൾ – സ്ത്രീകൾ പുരുഷൻമാർ | സിന്തറ്റിക് ഫുട്ബോൾ ടർഫ്, ഗ്യാലറി ബിൽഡിംഗ്, ഫെൻസിംഗ്. | ടർഫ് പൂർത്തിയായി. ഗ്യാലറി 95% പൂർത്തീകരിച്ചു | ഡിസംബർ, ആദ്യവാരം |
| 12 | വി.കെ.എൻ. മേനോൻ ഇൻഡോർ സ്റ്റേഡിയം, തൃശ്ശൂർ | വെയ്റ്റ്ലിഫ്റ്റിംഗ് ജൂഡോ | മൂന്നുനില ബ്ളോക്ക്, റൂഫിംഗ്, മേപ്പിൾവുഡ് ഫ്ളോറിംഗ് , അരീന ലൈറ്റിംഗ്, അകുസ്റ്റിക്സ്. | എല്ലാ പ്രധാന പ്രവൃത്തികളും പൂർത്തിയായി. | - |
| 13 | ഇൻഡോർ സ്റ്റേഡിയം, തൃപ്ര യാർ, തൃശ്ശൂർ | ബോക്സിംഗ് – സ്ത്രീകൾ പുരുഷൻമാർ | അകുസ്റ്റിക്സ്, മേപ്പിൾവുഡ് ഫ്ളോറിംഗ്. | എല്ലാ പ്രവൃത്തികളും പൂർത്തിയായി. | - |
| 14 | വി.കെ.കെ. മേനോൻ ഇൻഡോർ സ്റ്റേഡിയം, കോഴിക്കോട് | വോളീബോൾ – സ്ത്രീകൾ പുരുഷൻമാർ, സെപക് താക്റ | റൂഫ്, സ്റ്റെയർ കെയ്സ് ബ്ലോക്ക്, അരീന ലൈറ്റിംഗ്, അകുസ്റ്റിക്സ്. | എല്ലാ പ്രവൃത്തികളും പൂർത്തിയായി. | – |
| 15 | കോർപ്പറേഷൻ സ്റ്റേഡിയം കോഴിക്കോട് | ഫുട്ബോൾ – സ്ത്രീകൾ പുരുഷൻമാർ | ഗ്യാലറി, ഫുട്ബോൾ ടർഫ്. | 80% പൂർത്തിയായി. | ഡിസംബർ, 2014 |
| 16 | ട്രിവാൻഡ്രം ടെന്നീസ് ക്ലബ്ബ് | ടെന്നീസ് പ്രാക്ടീസിംഗ് കോർട്ട് | ആവശ്യത്തിന് പരിശീലന കോർട്ടുകൾ ഇല്ലാത്തതിനാൽ 3 കോർട്ടുകൾ നവീകരിക്കുന്നു. | 60% പൂർത്തിയായി | ഡിസംബർ, 2014 |

## II. പുതുതായി നിർമ്മിക്കുന്ന സ്റ്റേഡിയങ്ങൾ

| | | | | | |
|---|---|---|---|---|---|
| 17 | ഇൻഡോർ സ്റ്റേഡിയം, മുണ്ടായാട് കണ്ണൂർ | ബാസ്കറ്റ് ബോൾ സ്ത്രീ –പുരുഷ വിഭാഗങ്ങൾ റസ്ലിംഗ് | മേപ്പിൾവുഡ് ഫ്ളോറിംഗ്, അകൗസ്റ്റിക്സ് എന്നിവയുള്ള പുതിയ ഇൻഡോർ സ്റ്റേഡിയം. | പ്രധാന പ്രവൃത്തികൾ 100% പൂർത്തിയായി. അക്വാസ്റ്റിക്സ് 80% പൂർത്തിയായി. | ഡിസംബർ, ആദ്യവാരം |
| 18 | ന്യൂ ഫുട്ബോൾ സ്റ്റേഡിയം, മെഡിക്കൽ കോളേജ്. ഗ്രൗണ്ട്, കോഴിക്കോട് | ഫുട്ബോൾ | ഗ്യാലറി, ഗ്രാസ് ഫുട്ബോൾ ടർഫ്, സിന്തറ്റിക് ട്രാക്ക്. | പൂർത്തിയായി. | - |
| 19 | ലോൺ ബൗൾ കോർട്ട്, കൊച്ചി, എറണാകുളം | ലോൺ ബൗൾ | ഡ്രയിനേജ് സൗകര്യത്തോടു കൂടിയ പുതിയ ലോൺ ബൗൾ കോർട്ട്. | പ്രധാനപ്രവൃത്തികൾ പൂർത്തിയായി. പ്രാക്ടീസ് കോർട്ട് 60% പൂർത്തിയായി | ഡിസംബർ, ആദ്യവാരം |
| 20 | സ്കോഷ് കോർട്ട്, ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, തിരുവനന്തപുരം | സ്കോഷ് | മൂന്ന് സിംഗിൾസ് കോർട്ടും ഒരു ഡബിൾസ്കോർട്ടും ഉള്ള ആധുനിക സ്കോഷ് കോർട്ട് | പ്രധാന പ്രവൃത്തി 100% പൂർത്തിയായി വാൾ പ്ളാസ്റ്ററിംഗും സ്പോർട്സ് ഫ്ളോറിംഗും 100% പൂർത്തിയായി. | - |
| 21 | ഷൂട്ടിംങ് റേഞ്ച്, വട്ടിയൂർക്കാവ്, തിരുവനന്തപുരം | ഷൂട്ടിംങ് | 50 മീറ്റർ, 25 മീറ്റർ, 10 മീറ്റർ ദൈർഘ്യമുള്ള റേഞ്ചുകൾ | പ്രധാന പ്രവൃത്തി 80% പൂർത്തിയായി. | ഡിസംബർ, 2014 |
| 22 | ന്യൂ ഹോക്കി സ്റ്റേഡിയം, കൊല്ലം | ഹോക്കി | ആസ്ട്രോ ടർഫ് ഹോക്കി സ്റ്റേഡിയവും ഗ്യാലറികളും | 85% പൂർത്തിയായി. | ഡിസംബർ, 2014 |
| 23 | ടെന്നീസ് കോംപ്ലക്സ്, കുമാരപുരം, തിരുവനന്തപുരം | ടെന്നീസ് | ടെന്നീസ് കോർട്ടുകൾ, ഫെസിലിറ്റി കെട്ടിടം, ഗ്യാലറി, ഫ്ളഡ് ലൈറ്റ് | പ്രധാന പ്രവൃത്തികൾ 60% പൂർത്തിയായി. സിന്തെറ്റിക് കോർട്ട് നിർമ്മാണം 50% പൂർത്തിയായി | ഡിസംബർ, 2014 |

| | | | | | |
|---|---|---|---|---|---|
| 24 | ട്രാപ് ആന്റ് സ്കീറ്റ് ഔട്ട്ഡോർ ഷൂട്ടിംഗ് റേഞ്ച്, പോലീസ് അക്കാഡമി തൃശ്ശൂർ | ഷൂട്ടിംങ് ട്രാപ് ആന്റ് സ്കീറ്റ് | 3 റേഞ്ചുകളുള്ള ട്രാപ് ആന്റ് സ്കീറ്റ് ഷൂട്ടിംങ് റേഞ്ച് | പ്രവൃത്തി ജൂലൈ 2014 ൽ ആരംഭിച്ചു. 50% പൂർത്തിയായി. | ഡിസംബർ, 2014 |
| 25 | ഗ്രീൻഫീൽഡ് സ്റ്റേഡിയം, കാര്യവട്ടം, തിരുവനന്തപുരം | ഉദ്ഘാടന-സമാപന ചടങ്ങുകൾ | അന്താരാഷ്ട്ര നിലവാരമുള്ള ഫുട്ബോൾ, ക്രിക്കറ്റ്, ഫ്ളഡ്ലിറ്റ് സ്റ്റേഡിയം | പ്രധാന പ്രവൃത്തികൾ 85% പൂർത്തിയായി | ഡിസംബർ, 2014 |

## താൽക്കാലിക നിർമ്മിതികൾ ഉപയോഗിച്ച് സംഘടിപ്പിക്കുന്ന ഇനങ്ങൾ

| ക്രമ നം. | ഇനം | വേദി |
|---|---|---|
| 1 | ആർച്ചറി | ജവഹർലാൽ നെഹ്റു സ്റ്റേഡിയം, എറണാകുളം |
| 2 | റോയിംഗ് | വേമ്പനാട് കായൽ, ആലപ്പുഴ |
| 3 | കനോയിംഗ്, കയാക്കിംഗ് | വേമ്പനാട് കായൽ, ആലപ്പുഴ |
| 4 | ബോട്ട് റേസ് (പ്രദർശനയിനം) | വേമ്പനാട് കായൽ, ആലപ്പുഴ |
| 5 | ഫെൻസിംഗ് | സിയാൽ, എറണാകുളം |
| 6 | കരാട്ടെ | സിയാൽ, എറണാകുളം |
| 7 | ട്രയാത്തലോൺ | കോവളം, ബൈപാസ് |
| 8 | യാച്ചിംഗ് | മുനമ്പം, എറണാകുളം |
| 9 | ബീച്ച് ഹാന്റ് ബോൾ | ശംഖുമുഖം, തിരുവനന്തപുരം |
| 10 | ബീച്ച് വോളി ബോൾ | കോഴിക്കോട് ബീച്ച് |

ഈ ഇനങ്ങൾക്കുള്ള താൽക്കാലിക നിർമ്മിതികളും, വേദികളാകുന്ന മറ്റ് സ്റ്റേഡിയങ്ങൾക്കാവശ്യമായ താൽക്കാലിക നിർമ്മിതികളും, മേള ആരംഭിക്കുന്നതിന് മുമ്പ് പൂർത്തീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ